<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 870**</u> <u>**11-02-2025 - ൽ മറുപടിയ്ക്ക്**</u>

<u>**പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതി നഗറുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാരന്താട് നഗർ, മാടക്കാംപൊയിൽ നഗർ, ചുക്കാനം നഗർ എന്നീ ഗ്രാമങ്ങളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൊരമ്പക്കല്ല് നഗർ നവീകരണത്തിന് ഉൾപ്പെടുത്തിയിട്ടുള്ള ഫൂട്ട്പാത്ത് നിർമ്മാണം, ഭവന പുനരുദ്ധാരണം, ഇന്റേണൽ റോഡ്, കോൺക്രീറ്റ് റോഡ്, ഡ്രെയിനേജ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സാംസ്കാരിക നിലയം, അംഗനവാടി എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മേനോൻകുന്ന് നഗറിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന്റെ structural work പൂർത്തീകരിച്ചിട്ടുണ്ട്. കോൺക്രീറ്റ് റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. വാടിപ്പുറം നഗറിന്റെ നവീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ യോഗം നടന്നിട്ടുണ്ട്. |
| (ബി) | പ്രവൃത്തികൾ പൂർത്തീകരിച്ച് ഓരോന്നിന്റെയും ഉദ്ഘാടനം എപ്പോൾ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ? | (ബി) | പൂർത്തിയാക്കാൻ ശേഷിക്കുന്ന പ്രവൃത്തികൾ 3 മാസത്തിനകം പൂർത്തീകരിക്കുന്നതിന് കണ്ണൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ